**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3040** **18-03-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ലാഭകരമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റി പ്രതിവർഷം അറുന്നൂറ് കോടിയോളം രൂപ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; എങ്കിൽ പൊതുജനങ്ങൾക്ക് അധിക ബാധ്യത ഉണ്ടാക്കാതെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) | 2020-21 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം (ബോർഡ് അംഗീകരിച്ച അക്കൗണ്ട്സ് പ്രകാരം) 594.10 കോടി രൂപയാണ് . കേരളാ വാട്ടർ അതോറിറ്റി അതിന്റെ ആരംഭ കാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത് . 1000 ലിറ്റർ കുടിവെള്ളത്തിന് ഉൽപ്പാദന പ്രസരണ ചെലവ് 22.85 രൂപ വരുന്നു. അതേസമയം 1000 ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി 10.92 രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. അതായത് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരളാ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം ഉണ്ടാകുന്നു. പൊതുജനങ്ങൾക്ക് അധിക ബാധ്യത ഉണ്ടാക്കാതെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ തയ്യാറാക്കി നിർവഹിച്ചു വരുന്നു. 1. ഉൽപാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക. 2. കാലപ്പഴക്കം വന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക . 3. വിതരണശൃംഖലയെ വിവിധ മേഖലകൾ ആക്കി തിരിച്ച് ഡി.എം.എ (District Metering Area) കൾ സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമ മാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക. 4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക. 5. Supervisory Control and Data Acquisition (SCADA) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക. 6. പഴയതും ചോർച്ച ഉള്ളതുമായ സർവീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക. 7. എല്ലാ ഉണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക. 8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ് മാപ്പ് തയ്യാറാക്കുക. |

| | | | |
|---|---|---|---|
| | | | കുടിവെള്ള പദ്ധതികളുടെ റിങ്ങ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽനിന്നുള്ള വരവ് ചിലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് . 2014 ന് ശേഷം ശമ്പളം, പെൻഷൻ, വൈദ്യുത ചാർജ്, അറ്റകുറ്റപ്പണികളുടെ ചെലവ് എന്നിവയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി. ചിലവിലുണ്ടായ വർധനവ് മറികടക്കുവാൻ വേണ്ടി കേരള ജല അതോറിറ്റി ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് നേരിടാത്ത രീതിയിൽ വാട്ടർ ചാർജ് വർദ്ധനവിന് വേണ്ടി ഒരു പ്രൊപ്പോസൽ 18.11.2021-ലെ കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് . ജലജീവൻ മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പുതുതായി 29.37 ലക്ഷം കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത് . ഇതുവഴി വാട്ടർ അതോറിറ്റിക്ക് വരുമാന വർധനവ് ഉണ്ടാകുമെന്നും കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |
| (ബി) | വെള്ളക്കരം ഉയർത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | 10.02.2021-ലെ സ.ഉ(കൈ)നം.9/2021/ജ.വി.വ പ്രകാരം എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും വാട്ടർ ചാർജ്ജിൽ പ്രതിവർഷം 5% വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട് . ഇതിനുപുറമേയാണ് ചാർജ്ജ് വർദ്ധനവിനുള്ള മേൽ പറഞ്ഞ ശുപാർശ വാട്ടർ അതോറിറ്റി സമർപ്പിച്ചിരിക്കുന്നത് . |

സെക്ഷൻ ഓഫീസർ